# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4272** **13.12.2018-ൽ മറുപടിക്ക്**

കൂടംകുളത്തുനിന്നും തൃശ്ശൂരിലേക്ക് ലൈൻ നിർമ്മാണം

| | ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളത്തുനിന്നും തൃശ്ശൂരിലേക്ക് വലിക്കുന്ന 400 കെ.വി. ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കൂടംകുളത്തുനിന്നും തൃശ്ശൂരിലേക്ക് വലിക്കുന്ന 400 കെ.വി. ലൈൻ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഈ ലൈനിന്റെ 96 ശതമാനം ഫൗണ്ടേഷൻ ജോലികളും 87 ശതമാനം ടവർ നിർമ്മാണവും 56 ശതമാനം ലൈൻ വലിക്കുന്ന ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള അലൈൻമെന്റിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഇല്ല |
| (സി) | ജനവാസ കേന്ദ്രങ്ങളിലൂടെ ലൈൻ കടന്നുപോകുമ്പോൾ നിഷ്കർഷിച്ചിരിക്കുന്ന കുറഞ്ഞ ഉയരവും ഏറ്റവും കൂടിയ ഉയരവും എത്രയാണെന്ന് വിശദമാക്കാമോ; ലൈൻ കടന്നുപോകുന്ന സ്ഥലത്തെ വീടുകൾക്കും വസ്തുഉടമകൾക്കും നൽകുന്ന നഷ്ടപരിഹാരം വ്യക്തമാക്കുമോ; | (സി) & (ഡി) | ജനവാസ കേന്ദ്രങ്ങളിലൂടെ ലൈൻ കടന്നു പോകുമ്പോൾ കുറഞ്ഞ ഉയരം നിർദ്ദിഷ്ട സ്റ്റാറ്റ്യൂട്ടറി ക്ലിയറൻസ് പ്രകാരമായിരിക്കും. കൂടിയ ഉയരം ടവറുകൾ നിൽക്കുന്ന സ്ഥലത്തിന്റെ ഭൂപ്രകൃതി അനുസരിച്ചായിരിക്കും. നഷ്ടപരിഹാരം നൽകുന്നത് 30-07-2015, 31-08-2016 തീയതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരമാണ്. |
| (ഡി) | കൂടംകുളം ലൈനിന്റെ അടിയിൽ ആകുന്ന വീട്ടുടമകൾ അവർ സ്വയം മാറിപ്പോകാൻ താൽപ്പര്യം പ്രകടിപ്പിച്ചാൽ അവർക്ക് നഷ്ടപരിഹാരമായി പുതിയ വീട് നിർമ്മിച്ചു നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

Hemalatha

സെക്ഷൻ ഓഫീസർ